**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭാസ വകുപ്പ് - കോളേജ് വിദ്യാഭാസം - ഗവ കോളേജ് ചിറ്റൂരിലെ തമിഴ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ പി മുരുകൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1653/2023 മേലുള്ള 09.11.2023 -ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.66/2024/HEDN തീയതി,തിരുവനന്തപുരം, 12-01-2024

---

പരാമർശം:-

1. 21.02.1994 തീയതിയിലെ ജി.ഒ (എം.എസ്)നം 27/94/ഉ.വി.വ നമ്പർ ഉത്തരവ്
2. OA 1211/2023 മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ 19.07.2023 -ലെ വിധിന്യായം.
3. 25.09.2023-ലെ സ.ഉ.(സാധാ) നം.1420/2023/HEDN
4. OA (EKM) 1653/2023 മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ 09.11.2023 -ലെ വിധിന്യായം.
5. ഡോ പി മുരുകൻ സമർപ്പിച്ച 07.12.2023 തീയതിയിലെ അപേക്ഷ.
6. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 06.12.2023 ലെ A4/42980/2023/DCE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ഗവ.കോളേജ് ചിറ്റൂരിൽ നിന്നും RGM അട്ടപ്പാടി ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പാലക്കാട് ഗവ.കോളേജ് ചിറ്റൂരിലെ തമിഴ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.പി.മുരുകൻ ഫയൽ ചെയ്തിരുന്ന OA 1211/2023 മേൽ ബഹു.കോടതിയുടെ പരാമർശം 2 ലെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം ഡോ.പി.മുരുകൻ സമർപ്പിച്ച നിവേദനത്തിലെ ആവശ്യം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം നിരസിച്ച് ബഹു.കോടതി ഉത്തരവ് നടപ്പിലാക്കിയിരുന്നു.

എന്നാൽ, പരാമർശം 3 ഉത്തരവിനെതിരെ ഡോ.പി.മുരുകൻ വീണ്ടും

ഫയൽ ചെയ്ത OA (EKM) 1653/2023 മേലുള്ള പരാമർശം 4 ലെ ഉത്തരവിൽ പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ 4ാമത് എതിർകക്ഷി ആയ ഡോ സുജാത, അസ്സോസിയേറ്റ് പ്രൊഫസറെ ഹിയറിങ് നടത്തിയിരുന്നില്ല എന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനു ബോധ്യപ്പെട്ടതായും ആയതിനാൽ അപേക്ഷകനും 4ാമത് എതിർകക്ഷിക്കാരനുമായി ഹിയറിങ് നടത്തി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശിച്ചിരുന്നു.

ഈ വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ബഹു.കോടതി നിർദ്ദേശ പ്രകാരം പരാതിക്കാരനെയും 4ാമത് എതിർകക്ഷി ആയ ഡോ സുജാതയെയും നേരിൽ കേൾക്കുകയുണ്ടായി.

പരാമർശം (3) ഉത്തരവ് പ്രകാരം സർവ്വീസിൽ ജൂനിയർ മോസ്റ്റായ ഡോ.സുജാതയെയാണ് സ്ഥലം മാറ്റേണ്ടിയിരുന്നതെന്നും സ്ഥലം മാററ ഉത്തരവ് നടപ്പിലാക്കിയതിനാലും സെമസ്റ്റർ പരീക്ഷ ആരംഭിക്കാനിരിക്കുന്ന സാഹചര്യത്തിലും സ്ഥലം മാറ്റം അഭികാമ്യം അല്ല എന്ന കാരണം പറഞ്ഞുകൊണ്ട് തനിയ്ക്ക് മാത്രം സ്ഥലം മാറ്റം അനുവദിച്ചില്ലായെന്നും എന്നാൽ ഇരുപതോളം സ്ഥലംമാറ്റം അതിനുശേഷം നടന്നതായും ജൂലൈ 6 ന് തനിയ്ക്കൊരു വാഹനാപകടം സംഭവിച്ചെന്നും തുടർന്ന് തലച്ചോറിനകത്ത് രക്തസ്രാവം ഉണ്ടായതിനാൽ ഓപ്പറേഷൻ് ചെയ്യേണ്ടതായി വന്നെന്നും തുടർന്നും രക്തസ്രാവം ഉണ്ടാവാൻ സാധ്യത ഉണ്ടെന്നും ആയതിനാൽ 100 കിലോമീറ്റർ അകലെയുള്ള അട്ടപ്പാടിയിലേയ്ക്കുള്ള സ്ഥലംമാറ്റം റദ്ദാക്കി തരണമെന്നും ഡോ.പി.മുരുകൻ ആവശ്യപ്പെട്ടു.

പാലക്കാട് ഗവ. വിക്ടോറിയ കോളേജിലെ തമിഴ് വിഭാഗം അധ്യാപികയായ ഡോ.സൽമ മഹാജബീൻ.റ്റി.എം ടിയാരിയുടെ ഹോം സ്റ്റേഷനായ ചിറ്റൂർ ഗവൺമെൻറ് കോളേജിലേക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകിയിരുന്നു എന്നും 8 വർഷം ഔട്ട് സ്റ്റേഷൻ സർവീസ് ഉള്ള ടി അധ്യാപികയ്ക്ക് അർഹമായ സ്ഥലം മാറ്റം നൽകുന്നതിനായി ചിറ്റൂർ ഗവൺമെന്റ് കോളേജിൽ പരിരക്ഷ വിഭാഗത്തിൽ ഉൾപ്പെടാത്ത അധ്യാപകരിൽ ഔട്ട് സ്റ്റേഷൻ സേവനം ഇല്ലാത്ത ഏറ്റവും ജൂനിയറായ (സേവനത്തിൽ പ്രവേശിച്ച തീയ്യതിയുടെ അടിസ്ഥാനത്തിൽ) ഡോ.ജി.മുത്തുലക്ഷ്മി- യ്ക്ക് RGM ഗവ. ആർട്സ് & സയൻസ് കോളേജിലേക്ക് കരട് പട്ടികയിൽ നിർബന്ധിത സ്ഥലം മാറ്റം നൽകുകയുണ്ടായി എന്നും കരട് പട്ടികയിലെ സ്ഥലംമാറ്റ നിർദേശങ്ങളെ സംബന്ധിച്ച് ലഭിച്ച പരാതികൾ പുനപരിശോധിച്ച വേളയിൽ ചിറ്റൂർ സർക്കാർ കോളേജിലെ ഔട്ട് സ്റ്റേഷൻ സർവീസ് ഇല്ലാത്ത അധ്യാപകരായ ഡോ പി.മുരുകനും, ഡോ ജി.മുത്തുലക്ഷ്മിയും സർവീസിൽ പ്രവേശിച്ചത് യഥാക്രമം 08.02.2006, 15.02.2006 തീയതിയിലാണ് എന്ന് കണ്ടെത്തുകയും, ഒരേ കത്ത് പ്രകാരം പി.എസ്.സി. നിയമന ശിപാർശ ചെയ്ത ക്രമത്തിൽ ഈ രണ്ടു പേരിൽ ജൂനിയർ മോസ്റ്റ് ഡോ പി.മുരുകനാണെന്നും കണ്ടെത്തുകയുണ്ടായി എന്നും ഇതിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത

സ്ഥലമാറ്റത്തിന് വിധേയയായ ഡോ ജി.മുത്തുലക്ഷ്മിയ്ക്ക് പകരം ഡോ പി.മുരുകന് ചിറ്റൂർ ഗവൺമെന്റ് കോളേജിൽ നിന്നും അട്ടപ്പാടി ഗവൺമെന്റ് കോളേജിലേക്ക് നിർബന്ധിത സ്ഥലം മാറ്റം നൽകുകയും പ്രസ്തുത ഒഴിവിലേക്ക് ഡോ സൽമ മഹാജബീൻ റ്റി.എം-ന് സ്ഥലമാറ്റം അനുവദിച്ചുകൊണ്ട് അന്തിമ സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധികരിക്കുകയും ചെയ്തതായി കോളേജ് വിദ്യാഭാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ചിറ്റൂർ ഗവൺമെന്റ് കോളേജിൽ 11 സ്ഥിര അധ്യാപകരാണ് ഉള്ളതെന്നും ടി അധ്യാപകരിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള അധ്യാപകർ സേവനത്തിൽ പ്രവേശിച്ച കാലം മുതൽ ഹോം സ്റ്റേഷനായ ചിറ്റൂർ ഗവൺമെന്റ് കോളേജിലാണ് സേവനം അനുഷ്ഠിക്കുന്നത് എന്നും ഇവരിൽ ക്രമ നമ്പർ 3,4 എന്നിവർക്ക് സ്ഥലമാറ്റത്തിൽ നിന്ന് പരിരക്ഷ ഉണ്ട് എന്നും ഈ സാഹചര്യത്തിലാണ് അഡ്വൈസ് ജൂനിയർ ആയിട്ടുള്ള ഡോ.പി.മുരുകന് നിർബന്ധിത സ്ഥലം മാറ്റം നൽകിയിട്ടുള്ളതെന്നും കോളേജ് വിദ്യാഭാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

| ക്രമ നം | പേര് | അഡ്വൈസ് തീയതി | സേവനത്തിൽ പ്രവേശിച്ച തീയതി | ജി സി ചിറ്റൂരിൽ സേവനത്തിൽ പ്രവേശിച്ച തീയതി | പരിരക്ഷ |
|---|---|---|---|---|---|
| 1 | ഡോ. ജി മുത്തുലക്ഷ്മി | 20.12.2005 | 15.02.2006 | 15.02.2006 | No |
| 2 | ഡോ. പി മുരുകൻ | 20.12.2005 | 08.02.2006 | 08.02.2006 | No |
| 3 | ഡോ. എൻ മനോഹരൻ | 12.03.2008 | 12.06.2008 | 12.06.2008 | Retirement |
| 4 | ഡോ. ജി കതിരവൻ | 18.04.2011 | 15.06.20011 | 15.06.2011 | Disabled |

പരാമർശം 1 ലെ ഉത്തരവിലെ ഖണ്ഡിക 4(8) പ്രകാരം സ്ഥലമാറ്റത്തിന് അർഹതയുള്ള അധ്യാപകന് തന്റെ ഹോം സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം നൽകുന്നതിനായി പ്രസ്തുത സ്റ്റേഷനിൽ ഓപ്പൺ ഒഴിവ് ഇല്ലാത്ത പക്ഷം 3 വർഷത്തിൽ കുറവ് ഔട്ട് സ്റ്റേഷൻ സർവീസ് ഉള്ളവരിൽ ജൂനിയർ മോസ്റ്റ് ആയ വ്യക്തിയെ ആണ് നിർബന്ധിത സ്ഥലമാറ്റത്തിന് വിധേയനാക്കേണ്ടത്.ചിറ്റൂർ ഗവൺമെന്റ് കോളേജിൽ 11 അധ്യാപകരിൽ പരിരക്ഷ വിഭാഗത്തിൽ പ്പെടാത്തതും , ഔട്ട് സ്റ്റേഷൻ സർവീസ് ഇല്ലാത്തതുമായ ഡോ.പി.സുജാത ആണ് ജൂനിയർ മോസ്റ്റ് ആയിട്ടുള്ളതെന്നും പൊതുസ്ഥലം മാറ്റ ഉത്തരവിൽ അപേക്ഷ പ്രകാരം കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജിൽ നിന്നും ചിറ്റൂർ ഗവൺമെന്റ് കോളേജിലേക്ക് സ്ഥലം മാറ്റം നൽകിയ ഡോ.ഉമാമഹേശ്വരി.കെ എന്ന അധ്യാപികയുടെ ഓട്ട് സ്റ്റേഷൻ സേവനവും Nil ആണെന്നും ടിയാരി

**06.07.2011** -ൽ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ജോലിയിൽ പ്രവേശിക്കുകയും, **02.06.2014** മുതൽ **19.07.2023** വരെ കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തിരുന്നുവെന്നും ഡോ. റ്റി കവിതയ്ക്ക് ചിറ്റൂർ ഗവൺമെന്റ് കോളേജിൽ നിന്നും കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജിലേക്ക് സ്ഥലം മാറ്റം അനുവദിച്ചത് മൂലം ഉണ്ടായ ഒഴിവിലേക്കായിരുന്നു ഡോ.ഉമാമഹേശ്വരി.കെയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നതെന്നും ടിയാരി **20.07.2023** തീയതിയിൽ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും കോളേജ് വിദ്യാഭാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ചിറ്റൂർ ഗവൺമെന്റ് കോളേജും, കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജും ഒരേ ഹോം സ്റ്റേഷൻ പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ്.ഡോ റ്റി.കവിതയ്ക്ക് ചിറ്റൂർ ഗവൺമെന്റ് കോളേജിൽ നിന്നും കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജിലേക്ക് സ്ഥലം മാറ്റം അനുവദിച്ച ഒഴിവിൽ ഡോ.സൽമ മഹാജാബിന് സ്ഥലം മാറ്റം അനുവദിക്കുകയും, ഔട്ട് സ്റ്റേഷൻ സേവനം ഇല്ലാത്തതിനാലും, ചിറ്റൂർ ഗവൺമെന്റ് കോളേജിലെ അധ്യാപകരേക്കാൾ ജൂനിയർ മോസ്റ്റായതിനാലും ഡോ.ഉമാമഹേശ്വരി.കെ-യെ അട്ടപ്പാടി ഗവൺമെന്റ് കോളേജിലേക്ക് സ്ഥലം മാറ്റം അനുവദിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജ് ഔട്ട് സ്റ്റേഷൻ പരിധിയിലാണെന്ന ധാരണയിലാണ് ചിറ്റൂർ കോളേജിൽ ജൂനിയർ മോസ്റ്റായ ഡോ.പി.മുരുകന് നിർബന്ധിത സ്ഥലം മാറ്റം നൽകിയത് എന്ന് കാണുന്നു.

അപേക്ഷകന് വാഹനാപകടം സംഭവിച്ചതിനെ തുടർന്നുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ മാനുഷീക പരിഗണന നൽകി ടിയാനെ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ തന്നെ നിലനിർത്തുന്നതിനും ചിറ്റൂർ ഗവൺമെന്റ് കോളേജും, കൊഴിഞ്ഞാൻപാറ ഗവൺമെന്റ് കോളേജും ഒരേ ഹോം സ്റ്റേഷൻ പരിധിയിൽ വരുന്ന സ്ഥാപനങ്ങളായി ഇപ്പോൾ കണക്കാക്കുന്ന സാഹചര്യത്തിലും ചിറ്റൂർ ഗവൺമെന്റ് കോളേജിലെ അധ്യാപകരിൽ ജൂനിയർ ആയ ഡോ. ഉമാമഹേശ്വരി.കെ അട്ടപ്പാടി ഗവ.കോളേജിലേയ്ക്ക് ഡോ.എൻ.മനോഹരൻ വിരമിക്കുന്ന ഒഴിവിൽ തിരികെ നിയമിക്കാമെന്ന വ്യവസ്ഥയിൽ സ്ഥലം മാറ്റി **OA (EKM)-1653/2023** ന്മേലുള്ള **09.11.2023** - ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂർ**
**അഡിഷണൽ സെക്രട്ടറി**

1. ബന്ധപ്പെട്ട വ്യക്തിയ്ക്ക്

2. അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4. ബന്ധപ്പെട്ട് വ്യക്തിയ്ക്ക് (കോളേജ്  വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
7. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്1/155/2023/ഉ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 16-01-2024 11:04:25

സെക്ഷൻ ഓഫീസർ